# 'നമ്മുടെ പ്രവൃത്തികളെ കണക്കിടുന്ന ദൈവം'

## റോമർ 14:12

"ആകയാൽ നമ്മിൽ ഓരോരുത്തൻ ദൈവത്തോട് കണക്കു ബോധിപ്പിക്കേണ്ടി വരും."

ഈ ലോകത്തിൽ നാം ആയിരിക്കുമ്പോൾ നമ്മെ ഏറ്റവും കൂടുതൽ ചിന്തിപ്പിക്കേണ്ടതും, എപ്പോഴും ഓർമ്മയിലിരിക്കേണ്ടതുമായ ഒരു വാക്യമാണിത്. നിർഭാഗ്യവശാൽ ഇന്ന് വിശ്വാസികൾ പോലും ഈ സത്യം പലപ്പോഴും മറക്കുന്നു, അല്ലെങ്കിൽ അതിനെ വളരെ ലാഘവത്തോടെ കാണുന്നു. എന്നാൽ പരമപ്രധാനമായ ഈ ഒരു യാഥാർഥ്യം നമ്മുടെ ഹൃദയത്തിൽ ഉണ്ടാവുമ്പോൾ നമുക്ക് എപ്രകാരം ദൈവത്തെ മറന്ന് ലോകത്തെ സ്നേഹിക്കാൻ കഴിയും? എങ്ങനെ പാപം ചെയ്യാൻ സാധിക്കും? പക്ഷെ ഇന്ന് ഇത് തിരിച്ചറിയാത്തവരുടെ ജീവിതത്തിൽ ആ ദിവസം ഒരു കെണിയായി തീരും.

ദൈവം നമ്മെ സൃഷ്ടിച്ചതും, രക്ഷിച്ചതും, വിളിച്ചതും, വേർതിരിച്ചതും, നമ്മോടു ആഹ്വാനം ചെയ്തതും മാനസാന്തരപ്പെട്ട് ദൈവത്തിന്നായി ജീവിക്കാനാണ്. എന്നാൽ എത്ര പേർ അങ്ങനെ ജീവിക്കുന്നു. നമുക്ക് അതിന് പല ഒഴിവുകഴിവുകളും നിരത്താൻ സാധിച്ചേക്കും. എന്നാൽ അത് ഒന്നും അന്നാളിൽ നമ്മെ രക്ഷിക്കാൻ ഉതകുന്നതല്ല. ഇന്ന് എല്ലാവരും തനിക്കും തന്റെ കുടുംബത്തിനും വേണ്ടി മാത്രം ജീവിക്കുന്നവരാണ്. മറ്റുള്ളവരെ കരുതുവാനോ, സ്നേഹിക്കുവാനോ ഒന്നും ആർക്കും സമയമില്ല, മനസ്സുമില്ല. സ്വന്തജീവിതം രക്ഷപ്പെടുത്താനായുള്ള ഓട്ടത്തിൽ അവർ അതിനെ നഷ്ടപ്പെടുത്തുകയാണ് എന്ന് അവരറിയുന്നില്ല. കാരണം 'തന്റെ ജീവനെ കണ്ടെത്തിയവൻ അതിനെ കളയും, എന്റെ നിമിത്തം തന്റെ ജീവനെ കളഞ്ഞവൻ അതിനെ കണ്ടെത്തും''. മത്തായി 10:39 എന്ന് വചനത്തിൽ പറയുന്നു.

ദൈവം എനിക്കു വേണ്ടതെല്ലാം നൽകി എന്നെ ഈ ഭൂമിയിൽ ആക്കിയിരിക്കുമ്പോൾ ഞാൻ അവന്നു വേണ്ടി എന്ത് ചെയ്തു എന്ന ഒരു ചിന്ത നമ്മെ ഭരിക്കണം. എന്റെ ആയുസ്സ്, ആരോഗ്യം, സമ്പത്ത്, വിദ്യാഭ്യാസം അങ്ങനെ ദാനമായി തന്നതെല്ലാം ഞാൻ എങ്ങനെ വിനിയോഗിച്ചു? എന്തിന്നു വേണ്ടി ചിലവഴിച്ചു? എന്ന് നാം തിരിഞ്ഞു നോക്കണം. ദൈവത്തെ കൂടാതെ നാം നേടിയതൊന്നും നമ്മെ രക്ഷിക്കാൻ ഉതകുന്നതല്ല. നൈമിഷീകമായ സന്തോഷങ്ങൾക്കു വേണ്ടി ദൈവത്തെ മാറ്റി നിർത്തിക്കൊണ്ട് നാം ജീവിക്കുമ്പോൾ ഒന്നോർക്കണം, മറ്റാരും എന്നെ കാണാത്ത ഇടങ്ങളിലും ദൈവത്തിന്റെ കണ്ണുകൾ എന്നെ കാണുന്നു. എന്റെ പ്രവൃത്തികൾക്കു തക്കവണ്ണം അവൻ എനിക്ക് പ്രതിഫലവും തരുന്നു. ഈ ഭൂമിയിലെ നമ്മുടെ ആയുസ്സാണ് നമുക്ക് അനുവദിച്ച്

തന്നിരിക്കുന്ന സമയം. അത് എപ്പോൾ തീരുമെന്ന് നമുക്ക് അറിയില്ല. അതുകൊണ്ട് ദൈവത്തിന്നു പ്രസാദമുള്ള ഒരു ജീവിതം നയിച്ച് ന്യായവിധി ദിവസത്തിൽ ഭയം കൂടാതെ ദൈവസന്നിധിയിൽ നിൽപ്പാൻ കൃപ ലഭിക്കാനായി പ്രാർഥിക്കാം. അങ്ങനെ ജീവിക്കാനായി പരിശുദ്ധാത്മാവിന്റെ സഹായം തേടാം.

**പരാമർശം**

1 പത്രോസ് 4:5

**"ജീവികളെയും മരിച്ചവരെയും ന്യായം വിധിപ്പാൻ ഒരുങ്ങിയിരിക്കുന്നവനു അവൻ കണക്കു ബോധിപ്പിക്കേണ്ടിവരും.''.**

**സിസ്റ്റർ. നിനു ബിനു ബേബി ആലപ്പുഴ 045**